പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 956 | 06.06.2018 ൽ മറുപടിയ്ക്ക്

## മൂന്നാർ കറിഞ്ഞി മല കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിന് സ്വീകരിച്ച നടപടി

| ചോദ്യം<br>ശ്രീ.പി.ടി.തോമസ് | | ഉത്തരം<br>അഡ്വ. കെ.രാജു<br>(വനവും, മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | മൂന്നാർ വനം ഡിവിഷന്റെ കീഴിൽ വരുന്ന കുറിഞ്ഞി മല സങ്കേതത്തിൽ ഉൾപ്പെട്ട വട്ടവട, കൊട്ടക്കമ്പൂർ വില്ലേജുകളിലെ കൈയ്യേറ്റം പരിശോധിക്കുന്നതിന് സബ് കളക്ടറെ സെറ്റിൽമെന്റ് ഓഫീസറായി നിയമിച്ചിട്ടുണ്ടോ; | (എ) | ദേവികുളം സബ് കളക്ടറെ സെറ്റിൽമെന്റ് ഓഫീസറായി നിയമിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത സെറ്റിൽമെന്റ് ഓഫീസർ നടപടി പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;എങ്കിൽ എത്ര ഏക്കർ ഭൂമി കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ടെന്ന വ്യക്തമാക്കാമോ; | (ബി) | റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല. |
| (സി) | നീലക്കുറിഞ്ഞി ഉദ്യാനം സംരക്ഷിക്കുന്നതിനും അനധികൃത കയ്യേറ്റക്കാരെ ഒഴിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന വിശദീകരിക്കാമോ? | (സി) | 06.10.2006ലെ സർക്കാർ ഉത്തരവ്(അച്ചടിച്ചത്) നം. 36/2006/വനം പ്രകാരം കുറിഞ്ഞിമലയിൽ ഉദ്ദേശം 3200 ഹെക്ടർ പ്രദേശം വന്യജീവി സങ്കേതമായി പ്രഖ്യാപിക്കുന്നതിനുള്ള പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. വന്യജീവി സംരക്ഷണനിയമ പ്രകാരമുള്ള സംരക്ഷണം ഈ സ്ഥലത്തിന് നൽകി വരുന്നുണ്ട്. കടവരി ആസ്ഥാനമായി ഫോറസ്റ്റ് സ്റ്റേഷൻ രൂപീകരിച്ച് നിർദ്ദിഷ്ട സങ്കേതത്തിനകത്തെ വനസംരക്ഷണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ